**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1939** **13.06.2019-ൽ മറുപടിയ്ക്ക്**

**<u>കൊച്ചി മെട്രോ നിർമ്മാണത്തിന്റെ പുരോഗതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. സ്വരാജ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി മെട്രോയുടെ നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി എന്തെന്ന് അറിയിക്കുമോ; | (എ) | കൊച്ചി മെട്രോ ഘട്ടം 1-ന്റെ ആലുവ മുതൽ മഹാരാജാസ് കോളേജ് വരെ 2017 ഒക്ടോബറിൽ തുറന്നു കൊടുത്തു. മഹാരാജാസ് മുതൽ തൈക്കൂടം വരെ 2019 ജൂലൈയിലും, തൈക്കൂടം മുതൽ പേട്ട വരെ 2020 മാർച്ചിലും ജനങ്ങൾക്ക് തുറന്നു കൊടുക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഘട്ടം 1-എ – പേട്ട മുതൽ എസ്.എൻ ജംഗ്ഷൻ വരെയുള്ള ഭാഗത്തിന്റെ നിർമ്മാണത്തിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. സ്ഥലമേറ്റെടുപ്പ് അവസാന ഘട്ടത്തിലാണ്. നിർമ്മാണ കരാർ നൽകുന്നതിനുള്ള ദർഘാസ് നടപടികളും അവസാന ഘട്ടത്തിലാണ്. |
| (ബി) | പേട്ടയിൽ നിന്നും തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ വരെ മെട്രോ നീട്ടുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഉണ്ടെങ്കിൽ വിശദാംശവും പുരോഗതിയും അറിയിക്കുമോ? | (സി) | കൊച്ചി മെട്രോയുടെ എസ്.എൻ ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ വരെയുള്ള ഭാഗത്തിന്റെ വിശദമായ പദ്ധതി റിപ്പോർട്ടിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ